# ഹസനുൽ ബന്നയുടെ ജീവിതം അഭ്രപാളിയിലേക്ക്



● റശീദ് അസ്സാഫ്

**ശ**ഹീദ് ഹസനുൽ ബന്നയുടെ ജീവിതം ചലചിത്രമാക്കുന്നു. ഇഖ്‌വാനുൽ മുസ്‌ലിമൂൻ സ്ഥാപക നേതാവിന്റെ വ്യക്തിത്വം വിശുദ്ധപ്പെടുത്താനല്ല മറിച്ച് ബന്നയുടെ ജീവിതത്തിലെ സാമൂഹിക, രാഷ്ട്രീയ, സംഘടനാ വശങ്ങളെക്കുറിച്ച് പരിചയപ്പെടുത്തനാണ് ചിത്രത്തിലൂടെ ഉദ്ദേശിക്കുന്നത്.

അബ്ദുൽ ബാരി അബുൽഖൈർ സംവിധാനം ചെയ്യുന്ന ചിത്രത്തിന്റെ നിർമാണം മുഹ്സിൻ റാദിയാണ് നിർവഹിക്കുന്നത്. സിറിയൻ നടനായ റശീദ് അസ്സാഫാണ് ബന്നയുടെ വേഷമണിയുന്നത്. അയ്മൻ സലാമ തയാറാക്കിയ തിരക്കഥയുടെ സൂക്ഷ്മപരിശോധന നടത്തിയത് ബന്നയുടെ മൂത്ത മകനായ അഹ്മദ് സൈഫുൽ ഇസ്‌ലാം ബന്നയാണ്. ബലിപെരുന്നാളിനോടനുബന്ധിച്ച് പുറത്തിറങ്ങുന്ന ചിത്രം സംഘടന വളർത്താനോ ഇഖ്‌വാന്റെ രാഷ്ട്രീയ പ്രചാരണത്തിനോ ഉപയോഗിക്കില്ലെന്നും മറിച്ച് ഹസനുൽ ബന്നയുടെ ജീവിതം പൊതുജനങ്ങൾക്ക് പരിചയപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്നും അണിയറ പ്രവർത്തകർ ഈജിപ്തിൽ വിളിച്ചുചേർത്ത പത്രസമ്മേളനത്തിൽ വ്യക്തമാക്കി. 50 ലക്ഷം ഡോളർ ചെലവ് പ്രതീക്ഷിക്കുന്ന ചിത്രത്തിന്റെ സാമ്പത്തിക ബാധ്യതകൾ കുവൈത്തിലെ ഒരു കമ്പനിയാണ് വഹിക്കുക.

# പ്രവാചകനെ പരിചയപ്പെടുത്താൻ ലണ്ടനിൽ പ്രദർശനം

**പ്രവാചകന്റെ** വ്യക്തിത്വം വികൃതമായി ചിത്രീകരിക്കുന്ന സാഹചര്യത്തിൽ ആ മഹത്‌വ്യക്തിത്വത്തെ പരിചയപ്പെടുത്താൻ ലണ്ടനിൽ പ്രദർശനം ഒരുക്കി. വേൾഡ് മുസ്‌ലിം ലീഗിന്റെ (റാബിത്വ) കീഴിൽ പ്രവാചകനെ പരിചയപ്പെടുത്താനായി രൂപീകൃതമായ അതോറിറ്റിയാണ് ലണ്ടനിലെ ഇസ്‌ലാമിക് കൾചറൽ സെന്ററുമായി സഹകരിച്ച് പ്രദർശനം സംഘടിപ്പിച്ചത്. 50,000ലധികം പേർ പ്രദർശനം സന്ദർശിക്കുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്. ഇതിൽ 10,000ലധികം പേർ ലണ്ടനിലെ വിദ്യാർഥികളായിരിക്കുമെന്ന് അതോറിറ്റിയുടെ സെക്രട്ടറി ജനറൽ ഡോ. ആദിൽ അശ്ശുദ്ദി പറഞ്ഞു.

എട്ട് പവലിയനുകളുള്ള പ്രദർശനത്തിൽ മുൻ പ്രവാചകൻമാരെയും പരിചയപ്പെടുത്തുന്നുണ്ട്. കൂടാതെ ഖുർആന്റെ അമാനുഷികത, ഇസ്‌ലാമിൽ സ്ത്രീയുടെ പദവി, നാഗരികതക്കും മാനുഷികതക്കും ഇസ്‌ലാം നൽകിയ സംഭാവനകൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

റാബിത്വ സെക്രട്ടറി ജനറൽ ഡോ. അബ്ദുല്ല മൻസൂർ അത്തുർക്കിയും ലണ്ടനിലെ സുഊദി അംബാസഡർ അമീർ മുഹമ്മദ് ബിൻ നവ്വാഫ്, കുവൈത്ത് അംബാസഡർ ഖാലിദ് അദ്ദുവൈസാൻ എന്നിവരും ഉദ്ഘാടന ചടങ്ങിൽ സംബന്ധിച്ചിരുന്നു.




● റാബിത്വ നേതാക്കൾ അമീർ മുഹമ്മദ് ബിൻ നവ്വാഫിനോടൊപ്പം പ്രദർശന ഹാളിൽ

# ബിൻ അലിക്കും ഭാര്യക്കും 35 വർഷം തടവ് ശിക്ഷ




**തു**നീഷ്യയിലെ പ്രാഥമിക കോടതി പുറത്താക്കപ്പെട്ട ഏകാധിപതി സൈനുദ്ദീൻ ബിൻ അലിക്കും ഭാര്യ ലൈല ത്വാറാബുലുസിക്കും 35 വർഷത്തെ തടവ് ശിക്ഷ വിധിച്ചു. പൊതുമുതൽ കട്ടുമുടിച്ചതാണ് അവരിൽ ആരോപിക്കപ്പെട്ട കുറ്റം. ബിൻ അലിക്കെതിരെയുള്ള 93 കേസുകളാണ് പരിഗണിച്ചത്. 66 മില്യൻ ഡോളർ പിഴ ചുമത്തിയിട്ടുമുണ്ട്. മുൻ പ്രസിഡന്റിന്റെ രണ്ട് കൊട്ടാരങ്ങളിലുള്ള വില പിടിച്ച രത്നങ്ങളും മറ്റും കണ്ടുകെട്ടാനും ഉത്തരവായി.


തനിക്ക് വേണ്ടി വാദിക്കാൻ രണ്ട് ഫ്രഞ്ച് അഭിഭാഷകരെ ബിൻ അലി നിയോഗിച്ചിരുന്നെങ്കിലും അവർ ഹാജരായില്ല. പ്രതിഭാഗത്തിന് വേണ്ടി പിന്നീട് ഗവൺമെന്റ് അഞ്ച് അഭിഭാഷകരെ നിയമിക്കുകയായിരുന്നു. അഴിമതി നടത്തുന്ന ഭരണകർത്താക്കളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്ന പുതിയ അറേബ്യൻ യുഗം ആരംഭിച്ചു എന്നാണ് ചിലർ വിചാരണയെ വിശേഷിപ്പിച്ചത്. ബിൻ അലിയുടെ അഭാവത്തിൽ നടന്ന വിചാരണയും ശിക്ഷ പ്രഖ്യാപനവും വെറും പ്രഹസനമാണെന്നാണ് ഭൂരിപക്ഷം നിരീക്ഷകരുടെയും അഭിപ്രായം. മുൻ ഏകാധിപതി 23 വർഷം ചെയ്തുകൂട്ടിയ ക്രൂരകൃത്യങ്ങൾ മറച്ച് വെച്ച് പ്രശ്നം കേവലം അഴിമതിയിലേക്ക് ചുരുക്കികെട്ടിയിരിക്കുകയാണെന്ന് അവർ ആരോപിച്ചു. ഇതിന് പിന്നിൽ പ്രവർത്തിച്ച നീതിന്യായ മന്ത്രിയെ പുറത്താക്കണമെന്നും അവർ ആവശ്യപ്പെട്ടു.

## ഖത്തറിൽ ദാരിദ്ര്യ നിർമാർജനത്തിന് ഭീമൻ വഖ്ഫ്

**ഖ**ത്തറിലെ ബിസിനസ് പ്രമുഖനും ഇസ്ദാൻ റിയൽ എസ്റ്റേറ്റ് കമ്പനിയുടെ മേധാവിയുമായ ശൈഖ് ഥാനി ബ്നു അബ്ദില്ലാ ആൽഥാനി ഭീമമായ തുക വിലമതിക്കുന്ന സ്വത്തുവകകൾ വഖ്ഫ് ചെയ്തു. ഖത്തറിലെ ദരിദ്രരെ സഹായിക്കാനാണ് ഇത് നീക്കിവെക്കുക. രാജ്യ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ വഖ്ഫാണത്രെ ഇത്. പതിനെട്ടായിരം ഭവനങ്ങളുള്ള പാർപ്പിട സമുച്ചയങ്ങളാണ് ഇതിന് വേണ്ടി കമ്പനി നീക്കിവെച്ചിരിക്കുന്നത്. ഇതിന്റെ ഓഹരി വിപണി മൂല്യം 14 ബില്യൻ ഖത്തരി റിയാൽ (3.84 ബില്യൻ ഡോളർ) ആണ്. 8.78 ബില്യൻ ഡോളറാണ് കമ്പനിയുടെ ആസ്തി. അതിന്റെ 23 ശതമാനമാണ് ദാനമായി നൽകുന്നത്. ഗൾഫിലെ തന്നെ പ്രമുഖ റിയൽ എസ്റ്റേറ്റ് കമ്പനികളിലൊന്നാണ് ഇസ്ദാൻ.

മരണം

## ഡോ. അബ്ദുൽ ഹമീദ് ഗസ്സാലി



**ഈ**ജിപ്തിലെ മുതിർന്ന ഇഖ്വാൻ നേതാവും ഇസ്ലാമിക് ബാങ്കിംഗ് വിദഗ്ധനുമായ ഡോ. അബ്ദുൽ ഹമീദ് ഗസ്സാലി അന്തരിച്ചു. ഇഖ്വാൻ മുഖ്യ കാര്യ ദർശി ഡോ. മുഹമ്മദ് ബദീഅ്, മുൻ കാര്യ ദർശി മുഹമ്മദ് മഹ്ദി ആകിഫ്, ഇഖ്വാൻ ഉപാധ്യക്ഷന്മാരായ ഡോ. മുഹമ്മദ് ഇസ്സത്ത്, ഡോ. റശാദ് ബയൂമി തുടങ്ങിയ നിരവധി പ്രമുഖർ ജനാസ സംസ്കരണ ചടങ്ങിൽ സംബന്ധിച്ചു.

1983-ലാണ് അബ്ദുൽ ഹമീദ് ഗസ്സാലിയുടെ ജനനം. ചെറുപ്പത്തിലേ ഇഖ്വാനുമായി ബന്ധപ്പെട്ടു. മൂന്ന് തവണ ജയിലിലടക്കപ്പെട്ടിട്ടുണ്ട്. സെക്കന്ററി സ്കൂളിൽ പഠിക്കുമ്പോൾ 1954-ലായിരുന്നു ആദ്യ അറസ്റ്റ്. എട്ട് വർഷം ഇഖ്വാന്റെ രാഷ്ട്രീയ ഉപദേഷ്ടാവായി പ്രവർത്തിച്ചു. സാമ്പത്തിക ശാസ്ത്രത്തിലാണ് ഡോക്ടറേറ്റ്. ഇസ്ലാമിക് ബാങ്കിംഗ് എന്ന ആശയം വികസിപ്പിച്ചവരിലൊരാളാണ്. ഇസ്ലാമിക ബാങ്കിംഗിനെക്കുറിച്ച് 1978-ൽ തന്നെ അദ്ദേഹം പുസ്തകം പ്രസിദ്ധീകരിച്ചിരുന്നു. നിരവധി ഇസ്ലാമിക് ബാങ്കിംഗ് സംരംഭങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്.

# താജികിസ്താനിൽ കുട്ടികൾക്കും കൗമാരക്കാർക്കും പള്ളിയിൽ സർക്കാർ വിലക്ക്

കുട്ടികളും കൗമാരക്കാരും പള്ളിയിൽ പോകുന്നത് വിലക്കിക്കൊണ്ട് താജികിസ്താൻ സർക്കാർ ഉത്തരവിറക്കി. രക്ഷിതാക്കൾക്കാണ് നിയമലംഘനത്തിന് ശിക്ഷ ലഭിക്കുക. ചെറുപ്രായത്തിൽ തീവ്രവാദ ചിന്ത വളരാതിരിക്കാനാണ് ഈ നടപടിയെന്ന് പ്രസിഡന്റ് ഇമാം അലി റഹ്മാനോഫ് നേതൃത്വം നൽകുന്ന ഭരണസമിതി വ്യക്തമാക്കി.

98 ശതമാനം മുസ്‌ലിംകളുള്ള രാജ്യത്ത് വ്യക്തികളുടെ മതപരമായ അവകാശങ്ങളുടെ നിഷേധമാണ് സർക്കാർ ഉത്തരവെന്ന് ഇസ്‌ലാമിക പാർട്ടികളുടെ നേതാക്കൾ വ്യക്തമാക്കി. സോവിയറ്റ് റഷ്യയുടെ കീഴിലായിരുന്ന കാലത്ത് പോലും ഇത്രകടുത്ത മതവിരോധ നിയമങ്ങൾ രാജ്യത്ത് നടപ്പാക്കിയിട്ടില്ല. 300 പള്ളികളുള്ള രാജ്യത്ത് ഇസ്‌ലാമിക ചിട്ടകൾ പാലിക്കുന്നവർ നിരീക്ഷിക്കപ്പെടും; പ്രത്യേകിച്ചും ഇസ്‌ലാമിക വസ്ത്രധാരണം ചെയ്യുന്ന സ്ത്രീകൾ. ഇസ്‌ലാമിക രാജ്യങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളെ തീവ്രവാദികൾ എന്നാണ് ഭരണകർത്താക്കൾ വിശേഷിപ്പിക്കാറുള്ളതെന്ന് എഴുത്തുകാരനായ റിദാ അബ്ദുൽ വദൂദ് പറഞ്ഞു.



ഇമാം അലി റഹ്മാനോഫ്

# ഇഖ്‌വാൻ മറ്റുള്ളവരെക്കാൾ ജനാധിപത്യബോധമുള്ളവരെന്ന് *ടൈം* മാഗസിൻ




ഈജിപ്തിലെ ഇഖ്‌വാൻ അൽമുസ്‌ലിമൂൻ മറ്റ് ലിബറൽ രാഷ്ട്രീയ പാർട്ടികളെക്കാൾ ജനാധിപത്യ ബോധമുള്ളവരാണെന്ന് *ടൈം* മാഗസിൻ റിപ്പോർട്ട് ചെയ്തു.

ഇറാഖിൽ സദ്ദാം ഹുസൈനെ സ്ഥാനഭ്രഷ്ടനാക്കിയ 2003ലെ സമാനമായ അവസ്ഥയമാണ് ഹുസ്നി മുബാറകിന് ശേഷമുള്ള ഈജിപ്തിലേതെന്ന് *ടൈം* വിലയിരുത്തി. എന്നാൽ ഈ പ്രതിസന്ധി ഘട്ടത്തിൽ ജനാധിപത്യം ഉൾക്കൊള്ളുന്നതിൽ മുന്നിലുള്ളത് ഇഖ്‌വാനുൽ മുസ്‌ലിമൂനാണ്. മറ്റു ലിബറൽ രാഷ്ട്രീയ പാർട്ടികൾ ഈ നിലവാരത്തിലേക്കുയരുന്നില്ല. ഭരണഘടന ഭേദഗതിയുമായി ബന്ധപ്പെട്ട് നടന്ന വോട്ടെടുപ്പിൽ 77 ശതമാനം ഭൂരിപക്ഷം ലഭിച്ചത് ഇഖ്‌വാന്റെ ജനാധിപത്യ നേട്ടമായാണ് *ടൈംസ്* വിലയിരുത്തുന്നത്. ഇഖ്‌വാൻ ഇതര രാഷ്ട്രീയ പാർട്ടികൾക്ക് ജനാധിപത്യ വളർച്ചയില്ലാത്തതിനാലാണ് പ്രസിഡന്റ് തെരഞ്ഞെടുപ്പ് നീണ്ടുപോകുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.